# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15/413/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/04/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15/413/2022 തീയ്യതി: 12/04/2022

## <u>കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

**<u>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 14-02-2022 | 24-02-2022 |

**<u>ഓഡിറ്റിന് വിനിയോഗിച്ച സമയം :</u>**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 24-02-2022 |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:</u>**

ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ജാസ്മിൻ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യൂസ് റ്റി. എസ്. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി മറിയാമ്മ എബ്രഹാം | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ലിബി സി. മാത്യൂസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിനു മേരി ബഞ്ചമിൻ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| അൻജു എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. മനോജ് കെ. എ. | സൂപ്രണ്ട് ,താലൂക്ക് ആശുപത്രി-പാമ്പാടി | 01-04-2020 | 31-03-2021 |
| റീന ജോൺ | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 01-04-2020 | 31-03-2021 |
| വിജി വിശ്വനാഥ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സോണി ചെറിയാൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സ്മിത എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| റെജിമോൾ പി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| കവിത എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ-In Charge | 01-06-2020 | 22-06-2020 |
| വിജയൻ കെ. ജി. | അസിസ്റ്റന്റ് | 23-06-2020 | 28-02-2021 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ജിനു വി. | അസിസ്റ്റന്റ് എഞ്ചിനീയർ- Additional Charge | 01-03-2021 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി - 12.11.2020 മുതൽ 20.12.2020 വരെ

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 01-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 01-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 19-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 23-02-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jasmine (Auditor, On 23-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 01-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Maya R (Audit Officer, On 23-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 01-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-10 |
| 11 | രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്<br>Written By: Jasmine (Auditor, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 01-04-2022) | 1-11 |
| 12 | മുൻകൂർ നൽകിയ 9.46 ലക്ഷം രൂപ തിരികെ അടവാക്കാതെ അഡ്വാൻസ് ശീർഷകത്തിൽ നിന്നും ഒഴിവാക്കി<br>Written By: Sivaraj P (Senior Grade Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 01-04-2022) | 1-12 |
| 13 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Sivaraj P (Senior Grade Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-13 |
| 14 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക-അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-14 |
| 15 | ഇ-ടെൻഡർ ഫീസ്- ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-15 |
| 16 | GST സർക്കാരിലേക്ക് അടവാക്കുന്നില്ല<br>Written By: Sivaraj P (Senior Grade Auditor, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 01-04-2022) | 1-16 |

| | | |
|---|---|---|
| 17 | ഒറിജിനൽ രസീത് ഹാജരാക്കാതെ .ഇ.എം.ഡി തുകകൾ റീഫണ്ട് ചെയ്തു നല്കുന്നു<br>Written By: Sunitha M S (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-17 |
| 18 | വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Sunitha M S (Senior Grade Auditor, On 25-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 26-02-2022) | 1-18 |
| 19 | കമ്പ്യൂട്ടറുകൾ നാളിതുവരെ ലഭിച്ചില്ല – ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sunitha M S (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-19 |
| 20 | കുഴൽ കിണർ നിർമ്മാണത്തിനായി എസ്റ്റിമേറ്റിലും അധികമായി തുക ഡെപ്പോസിറ്റ് ചെയ്തു<br>Written By: Sunitha M S (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-20 |
| 21 | പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനരഹിതം - മാലിന്യം കുന്നുകൂടിയ നിലയിൽ<br>Written By: Sunitha M S (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-21 |
| 22 | കാലിത്തീറ്റ സബ്സിഡി പരാമാവധി നിരക്കിനേക്കാൾ അധികം തുക നൽകി<br>Written By: Sivaraj P (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-22 |
| 23 | കർഷക സംഘങ്ങൾ വാങ്ങിയ കമ്പ്യൂട്ടറിന് ചെലവായ തുക പ്രോജക്ടിലൂടെ തിരികെ നൽകി<br>Written By: Sivaraj P (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-23 |
| 24 | ആസ്തി പരിപാലനം ഫലപ്രദമല്ല<br>Written By: Maya R (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-04-2022) | 1-24 |
| 25 | ബാരൽ വില പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Maya R (Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-25 |
| 26 | ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്റ്റുകളുടെ അടങ്കൽ -നിശ്ചിത പരിധി പാലിക്കുന്നില്ല<br>Written By: Maya R (Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-26 |
| 27 | ബ്ലോക്ക് /ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിലല്ലാത്ത ഭൂമിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ക്രമവിരുദ്ധം<br>Written By: Maya R (Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-27 |
| 28 | ആവശ്യാധിഷ്ഠിതമല്ലാതെയുള്ള കെട്ടിടനിർമ്മാണപ്രൊജക്റ്റുകൾ- സർക്കാർ ഗ്രാന്റുകളുടെ പാഴ്ചെലവ്<br>Written By: Maya R (Audit Officer, On 26-02-2022)<br>Last Updated By: S Shyju (Senior Deputy Director, On 12-04-2022) | 1-28 |
| 29 | മുഴൂർ കർഷകമാർക്കറ്റിലേക്ക് ഡ്രയർ യൂണിറ്റ് വാങ്ങൽ- സർക്കാർ അനുമതി ലഭ്യമാക്കിയില്ല– കർഷകസംഘങ്ങളുമായി കരാർ വച്ചിട്ടില്ല<br>Written By: Maya R (Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-29 |
| 30 | കുടിവെള്ളപദ്ധതികൾ -പൂർത്തീകരിച്ച് | 1-30 |

| | | |
|---|---|---|
| | ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല-ലക്ഷ്യം കൈവരിക്കുന്നില്ല<br>Written By: Maya R (Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | |
| 31 | വിവിധപ ഞ്ചായത്തുകൾക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 68,63,311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jasmine (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 12-04-2022) | 1-31 |
| 32 | സെക്രട്ടറി നടപ്പാക്കിയ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗസാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sunitha M S (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 1-32 |
| 33 | കോവിഡ് 19 അവലോകനം<br>Written By: Sunitha M S (Senior Grade Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 02-04-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 24-02-2022)<br>Last Updated By: S Shyju (Senior Deputy Director, On 12-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 24-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 24-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 23-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 23-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 11-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2020 തീയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (Budget) | 2020-21 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,402,863/- | 8,734,467/- |
| വരവ് | 246,368,787/- | 56,365,422/- |
| ആകെ | 248,771,650/- | 65,099,889/- |
| ചെലവ് | 248,369,747/- | 59,064,316/- |
| നീക്കിയിരിപ്പ് | 401,903/- | 6,035,573/- |

ബജറ്റ് പ്രകാരം 24.6 കോടി രൂപയുടെ പ്രതീക്ഷിത വരവും 24.8 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 4.5 കോടി രൂപയും ചെലവ് 4.39 കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 45,005,245/- രൂപയും ചെലവ് 43,896,635/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 1,108,610/- രൂപയുമാണ്. 31/03/2021-ലെ ബ്ലോക്ക് പഞ്ചായത്തിന്റ ആസ്തിമൂല്യം 78,896,839/- രൂപയും ബാധ്യതകളുടെ മൂല്യം 59,792,149/- രൂപയും ജനറൽ ഫണ്ട് 19,104,690/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2021-ൽ നിലനിൽക്കുന്നതും 2020-21 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

6. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത ബസ് സ്റ്റാന്റ്, കലിങ്, പാലം തുടങ്ങിയവയെല്ലാം ആസ്തിയായി ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നു.
7. പ്രോജക്ട് നം.176/21 പ്രകാരം വാങ്ങിയ 8.33 ലക്ഷം രൂപ മൂല്യമുള്ള ട്രാക്ടർ(രജിസ്ട്രേഷൻ നം.KL-05 AV 6873) 176/21 പ്രകാരം വാങ്ങിയ 808,500/- രൂപ മൂല്യമുള്ള ട്രാക്ടർ(രജിസ്ട്രേഷൻ നം.KL-05 AW 4367) എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.
8. ആസ്തികളുടെ മൂല്യശോഷണം I-17(A) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.
9. 31/03/2020 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) 108,736/- രൂപയാണ് പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ സെക്രട്ടറി ലഭ്യമാക്കിയ വാടക നിക്ഷേപ പത്രിക പ്രകാരം 31/03/2021 ബാലൻസ് 137,100/- രൂപയാണ്. ധനകാര്യ പത്രിക, രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ 28,364/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
10. വാടക ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ടെങ്കിലും കണക്കുകൾ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
11. Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും കൃത്യത വിശദീകരിച്ചിട്ടില്ല.
12. 125,643/- രൂപ 430100102-Purchase Of Mterial -Stores ശീർഷകത്തിലെ 31/03/2021 ലെ നീക്കിയിരിപ്പ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആധികാരികത വ്യക്തമാക്കിയിട്ടില്ല.
13. പ്രോജക്ട് നം.104/21-83,300/-,176/21-88,890/-,153/21-9.69 ലക്ഷം എന്നിവ പ്രകാരമുള്ള ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ച തുകകൾ അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ 160300206 ശീർഷകത്തിൽ പ്രസ്തുത ചെലവ് തുകയ്ക്ക് തുല്യമായ മൂല്യം പ്രതിഫലിച്ചിട്ടില്ല.
14. ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2021 തീയതിയിലെ ബാലൻസ് ഷീറ്റ് ബ-18 ഡെപോസിറ്റ് തുകകളുടെ ആധികാരികതയോ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയോ വ്യക്തമല്ല.
15. 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് വാട്ടർ അതോറിറ്റിയിൽ പ്രോജക്ട് നം.20/21, 175/21 എന്നിവ പ്രകാരം നിക്ഷേപിച്ച 13.5 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ(460500201) അക്കൗണ്ട് ചെയ്തിട്ടില്ല. GWD-യിൽ പ്രോജക്ട് നം.24/21 പ്രകാരം നിക്ഷേപിച്ച 3 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ(460500204) അക്കൗണ്ട് ചെയ്തിട്ടില്ല.
16. 280800501-Prior Period-Programme Expenses ശീർഷകത്തിലേക്ക് 93,030/- രൂപയുടെ ക്രമീകരണം 42000040/31.03.2021 പ്രകാരം നടത്തിയത് വിശദീകരിക്കപ്പെട്ടിട്ടില്ല.
17. ഗ്രാമപഞ്ചായത്ത് വിഹിതം റവന്യൂ ചെലവിനായുള്ളത് 296,700/- രൂപ 31/03/2021 ലെ 42000023 ജേർണൽ വൗച്ചർ പ്രകാരം 160300103 റവന്യൂ ശീർഷകത്തിലേക്ക് അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയിരിക്കുന്നു. തുക ചെലവഴിക്കാതെ ബാധ്യത ഒഴിവാക്കിയതിന്റെ ആധികാരികത വ്യക്തമല്ല.
18. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് 867,596/- രൂപയുടെ മുൻകൂർ ക്രമീകരിച്ചിരുന്നു. ഇതിൽ 847,720/- രൂപ മാത്രമാണ് മുൻകൂർ(460509901) ശീർഷകത്തിൽ വരവായി അക്കൗണ്ട് ചെയ്തത്. ബാക്കി 19,876/- രൂപ ചെലവ് ശീർഷകങ്ങളിലാണ് വരവായി അക്കൗണ്ട് ചെയ്തത്. ചെലവ് ശീർഷകങ്ങളിൽ വരവ് തുക അക്കൗണ്ട് ചെയ്തത് അക്കൗണ്ടിങ്ങ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.
19. MNREGS ഫണ്ടിന്റെ വിനിമയം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിശ്ചിത ശീർഷകത്തിൽ(320100101) അക്കൗണ്ട് ചെയ്യുകയും പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8,734,467/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56,365,422/- |
| ആകെ | 65,099,889/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59,064,316/- |
| നീക്കിയിരിപ്പ് | 6,035,573/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,953,557/- |

## 1-4 ഫണ്ട് വിനിയോഗം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 33,696,205/- | 33,696,205/- | 33,696,205/- | 0 | 100 |
| വികസന ഫണ്ട്-SCP | 0 | 7,560,000/- | 7,560,000/- | 4,398,895/- | 3,161,105/- | 58.19 |
| വികസന ഫണ്ട്-TSP | 0 | 1,068,000/- | 1,068,000/- | 120,000/- | 948,000/- | 11.24 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 6,330,000/- | 6,330,000/- | 2,589,831/- | 3,740,169/- | 40.91 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 6,330,000/- | 6,330,000/- | 2,866,573/- | 3,463,427/- | 45.29 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,836,000/- | 5,836,000/- | 4,962,379/- | 873,621/- | 85.03 |
| TSC | 151,246/- | 0 | 151,246/- | 0 | 151,246/- | - |
| പ്രത്യേക ഫണ്ട് | 603,517/- | 29,761/- | 633,278/- | 0 | 633,278/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 49,600/- | 49,600/- | 29,600/- | 20,000/- | - |
| ക്യാപ്പിറ്റൽ ഫണ്ട് | 7,072/- | 216/- | 7,288/- | 0 | 7,288/- | - |
| ജില്ലാ പഞ്ചായത്ത് വിഹിതം (ക്യാപിറ്റൽ) | 0 | 374,500 | 374,500 | 0 | 374,500 | |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ) | 2,730,325 | 0 | 2,730,325 | 0 | 2,730,325 | |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ഗ്രാന്റ് ബാധ്യത ശീർഷകങ്ങളിലെ ക്രമീകരണങ്ങളുടെയും അപാകതകൾ താഴെ ചേർക്കുന്നു. 25/03/2021 ലെ സ.ഉ.(സാധാ) നം.2904/2021/ധന പ്രകാരം വികസനഫണ്ട് 90 ശതമാനത്തിലധികം ചെലവഴിച്ചതിന് അധിക ഗ്രാന്റ് തുകയായി പൊതുവിഭാഗത്തിൽ 3,954,150/- രൂപ അധിക അലോട്ട്മെന്റ് ലഭിച്ചു. 29/03/2021 ലെ സ.ഉ.(സാധാ) നം.3099/2021/ധന പ്രകാരം വികസനഫണ്ട് 3,381,055/- രൂപ അധിക അലോട്ട്മെന്റ് ലഭിച്ചു. വികസന ഫണ്ട് ജനറൽ ബജറ്റ് വിഹിതം 263.61 ലക്ഷം രൂപയായിരുന്നു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് -ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 26,361,000/- | 7,335,205 | 33,696,205/- | ഇല്ല | 33,696,205/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5,836,000/- | ഇല്ല | 5,836,000/- | 59,026/- | 5,776,974/- |

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് വിശദാംശങ്ങൾ(നം., പേര്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്) എല്ലാം ഉൾപ്പെടുത്തി എ.സി.ആർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ സംസ്ഥാന സർക്കാർ ഗ്രാന്റ് ഒഴികെ മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ മുന്നിരിപ്പിന്റെ ആധികാരികത വ്യക്തമല്ല.
- 03/08/2020 ലെ സ.ഉ.(സാധാ) നം.4444/2020/ധന പ്രകാരം സംരക്ഷണ ഗ്രാന്റ്-Non Road രണ്ടാം ഗഡു 1,945,300/- രൂപയിൽ വോട്ടിങ്ങ് മെഷീൻ ചാർജ് ഇനത്തിൽ 59,026/- രൂപ സ്രോതസ്സിൽ കുറവ് ചെയ്ത് അറ്റ തുക 1,886,274/- രൂപയാണ് ലഭിച്ചത്. ടി തുക ജി.ഓ. പ്രോജക്ടായി ക്രമീകരിക്കാതിരുന്നതിനാൽ പ്രസ്തുത ചെലവ് ഗ്രാന്റ് പത്രികയിലും ചെലവ് പത്രികയിലും ധനകാര്യ പത്രികയിലും(I&E പത്രിക) പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രികയിലെ നീക്കിയിരിപ്പിൽ സ്രോതസ്സിൽ കുറവ് ചെയ്ത 59,026/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2020-21 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിങ്ങനെ എല്ലാ വിശദാംശവും ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. ഫണ്ട് വിനിയോഗ കണക്കുകളിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 80898/DPC/DPO/KTM തീയതി 28-01-2021പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 12.12.2020 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 09.01.2020 |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 09.01.2020 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 15.02.2020 |
| വികസനസെമിനാർ | 07.02.2020 |

ജനങ്ങളുടെ സാമ്പത്തിക വികസനത്തിന്റെ വളർച്ചയോടൊപ്പം സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2020-21 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 77299387/- രൂപയും ആകെ ചെലവ് 48574857/- രൂപയുമാണ്. ചെലവുശതമാനം 62.84%. അംഗീകാരം ലഭിച്ച 147 പ്രോജക്ടുകളിൽ എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്ടിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 2 | 2 | 3182240 | 3033351 | 95 |
| പട്ടികജാതി വികസനഓഫീസർ | 1 | 1 | 1000000 | 1000000 | 100 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 2 | 2 | 2300000 | 2165363 | 94 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 4 | 3 | 2251890 | 1749700 | 77.7 |
| സെക്രട്ടറി | 76 | 56 | 31914021 | 22880954 | 71.69 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 43 | 29244337 | 16776489 | 57.36 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 2126899 | 969000 | 45.5 |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 1 | 0 | 4830000 | 0 | 0 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 0 | 450000 | 0 | 0 |
| ആകെ | 147 | 108 | 77299387 | 48574857 | 62.84 |

**<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.21 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>**

2020-21 കാലയളവിലെ പൊതുവിഭാഗം വികസനഫണ്ട് വിനിയോഗത്തിൽ (100%)മികച്ച വിനിയോഗം കൈവരിക്കാൻ സാധിച്ചിരുന്നുവെങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം ചെലവഴിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിരുന്നില്ല. 43% മാത്രമാണ് ചെലവ് ശതമാനം. കൂടാതെ എസ് സിപി, ടിഎസ് പി ഗ്രാന്റ് വിനിയോഗം യഥാക്രമം 58.19%, 11.24% മാത്രമാണ്. പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 59 പ്രോജക്ടുകളിൽ 43 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 57.36%) തൻവർഷം നടപ്പാക്കാൻ സാധിച്ചത്. കൂടാതെ അസി.എക്സി.എഞ്ചിനീയർ, ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി തയ്യാറാക്കിയ പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതി പുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാകുന്നു. നിർമ്മാണ പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് സമഗ്രമായി തയ്യാറാക്കി പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് പകരം ഒറ്റ പ്രവർത്തിയ്ക്ക് ഒന്നിലധികം പ്രൊജക്ടുകൾ തയ്യാറാക്കുന്നതായും കാണുന്നു.

വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| എസ് സിപി | 3,161,105 |
| ടി എസ് പി | 948,000 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 873,621 |
| സിഎഫ് സി ഗ്രാന്റ് -ടൈഡ് | 3,740,169 |
| സിഎഫ് സി ഗ്രാന്റ് -അൺടൈഡ് | 3,463,427 |
| **ആകെ** | **12186322** |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 1.21 കോടി രൂപ ആത്യന്തികമായി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി.

1.21 കോടിയിലധികം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് സൂക്ഷ്മമായി വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

**<u>സുലേഖ ചെലവ് പത്രികയിലെ അപാകത-ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നു</u>**

സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നത് പരിശോധിച്ചതിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച പല തുകകളും ചെലവു പത്രികയിൽ ചെലവായി രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. ഉദാഹരണമായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 144/21 പ്രൊജക്റ്റിൽ തനത്ഫണ്ട് 2,99,008/-രൂപ ചെലവഴിച്ചത് സുലേഖ പത്രികയിൽ ചെലവ് ചേർത്തിരുന്നില്ല. ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ചെലവ് പത്രിക യഥാസമയം പദ്ധതി കണക്കുകളുമായി പരിശോധിച്ചിരുന്നെങ്കിൽ ടി അപാകതകൾ AFS തയ്യാറാക്കുന്നതിന് മുൻപേ പരിഹരിക്കാമായിരുന്നു. ഈ രീതിയിൽ പ്രോജക്ടുകളുടെ ചെലവ് തുകയിൽ വന്ന കുറവ് ബ്ലോക്ക്പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>**

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും 09.01.2020ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഈ പ്രവർത്തനങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി</u>

2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച മുൻകൂർ ക്രമീകരിക്കുന്നതിനു വേണ്ടിയാണ് MGNREGS ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം അക്കൗണ്ട് ചെയ്തിട്ടില്ല. 2020-21 വർഷത്തെ

വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | **501,660/-** |
| വരവ് | PFMS വരവ് | 377,860/- | **531,195/-** |
| | മറ്റ് വരവുകൾ | 140,812/- | |
| | പലിശ | 12,523/- | |
| | ആകെ വരവ് | 531,195/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | **1,032,855/-** |
| ചെലവ് | മുൻകൂർ തിരിച്ചടവ് | 867,596/- | **867,596/-** |
| നീക്കിയിരിപ്പ് | | | **165,259/-** |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(SBI) പള്ളിക്കത്തോട് ശാഖയിലെ 67131752364 നമ്പർ അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം നടത്തുന്നത്. അഡ്മിനിസ്ട്രേറ്റീവ് ചെലവുകളായ അക്രഡിറ്റഡ് എഞ്ചിനീയറുടെയും ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ശമ്പളം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ ഇനത്തിലാണ് നൽകുന്നത്. പ്രസ്തുത ഇനം മുൻകൂർ ലഭിച്ച തുകയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. മുൻകൂറായി ലഭിച്ച തുകയുടെ മുന്നിരിപ്പ്, തൻവർഷം ലഭിച്ച തുക എന്നിവ ലഭ്യമല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് ക്രമീരിക്കാനുള്ള തുക വർഷാവസാനം 31/03/2021-ൽ നിലനിൽക്കുന്നത് എത്രയാണ് എന്ന് വ്യക്തമല്ല. തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ സാമ്പത്തിക ഇടപാടുകളുടെയും കണക്കുകൾ കൃത്യമായി സൂക്ഷിച്ചെങ്കിൽ മാത്രമേ മുൻകൂർ തിരിച്ചടവ് കൃത്യമാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകളിലും അക്കൗണ്ട് ചെയ്യേണ്ടതാണ്.

**<u>1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ</u>**

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

**<u>1-8 ക്യാഷ് വെരിഫിക്കേഷൻ</u>**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2022 ,3 പി.എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം കളക്ഷൻ ലഭ്യമായിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

**<u>1-9 ആഭ്യന്തര നിയന്ത്രണം</u>**

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ജനറൽ പർപ്പസ് ഫണ്ട് വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ബില്ലുകൾ ബന്ധപ്പെട്ട ഫയലിൽ മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തേണ്ടതാണ്. വൗച്ചറുകളിൽ നം./തീയതി രേഖപ്പെടുത്തുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല. സാംഖ്യയിൽ ലഭ്യമാകുന്ന പേയ്മെന്റ് വൗച്ചറുകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലോൺ രജിസ്റ്റർ, ബി4 ഷെഡ്യൂളിലെ ബാദ്ധ്യതകളുടെ വിവരം കാണിക്കുന്ന എസിആർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയ അനുബന്ധരജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു.

മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചതിന് ശേഷം മിക്ക പ്രോജക്ടുകളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതായി കാണുന്നു. വർക്ക് സൈറ്റ് കൃത്യമായി പരിശോധിച്ച് എസ്റ്റിമേററ് തയ്യാറാക്കാത്തതുമൂലമാണ് ഇത് സംഭവിക്കുന്നത്. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതായി കരുതുവാൻ സാധിക്കുന്നില്ല. ഉദാ- വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ, കുടിവെള്ള പ്രോജക്ടുകൾ മുതലായവ.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/07/2019-29/072019 | 2018-19 | 48/DPAW/KTM/2019 തീയതി 15/10/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/12/207 – 25/12/2017 | 2013-14 മുതൽ 2016-17 വരെ | LBA(WQ) II/8A/2727/324 തീയതി 29/01/2018 |

**1-11 രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, സബ് ഡിവിഷൻ ഓഫീസിൽ 20.11.2019 മുതൽ 4.11.2020 വരെയുള്ള കാലയളവിൽ ഉപയോഗിച്ച ബുക്ക് നമ്പർ 1123 എന്ന രസീത് ബുക്ക്, രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇഷ്യൂ ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നൽകാതെ ബുക്ക് നം 1124 മുതൽ 1127 വരെയുള്ള 4 ബുക്കുകൾ കൂടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകാത്ത രസീതുബുക്കുകൾ ഉപയോഗിച്ച് പിരിവ് നടത്തുന്നത് ക്രമപ്രകാരമല്ല. കൂടാതെ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്ന 480 നമ്പർ രസീത് ബുക്കും സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്യാതെ ഉപയോഗിച്ചിരിക്കുന്നു (23.02.2019മുതൽ 04.02.2022 വരെ). 480 നമ്പർ മാനുവൽ രസീത് ബുക്കിന്റെ രസീത് നമ്പർ 18 മുതൽ 24 വരെയുള്ള കൗണ്ടർ ഫോയിലുകളുടെ ഒറിജിനൽ നൽകുകയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ച് വച്ചിരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 2, തീയതി 17.02.2022) മറുപടിയായി ബുക്ക് നം 1124 മുതൽ 1127 വരെയുള്ള 4 രസീതുബുക്കുകൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് കൈമാറി നൽകുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കുന്നതാണെന്നും ഇനി മുതൽ പിഴവുകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുമെന്നും ഓഡിറ്റ് നിർദ്ദേശം പാലിക്കുമെന്നും അറിയിച്ചു. രസീത് ബുക്കുകളുടെ സൂക്ഷിപ്പിലും വിതരണത്തിലും കൃത്യത ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-12 മുൻകൂർ നൽകിയ 9.46 ലക്ഷം രൂപ തിരികെ അടവാക്കാതെ അഡ്വാൻസ് ശീർഷകത്തിൽ നിന്നും ഒഴിവാക്കി**

2020-21 വർഷം 460509901-Advance To Others ശീർഷകത്തിൽ 1,764,310/- രൂപ മുന്നിരിപ്പുണ്ടായിരുന്നു. തൻവർഷം 847,720/- രൂപ തിരികെ അടവാക്കി അഡ്വാൻസ് ക്രമീകരിച്ചു. ബാക്കിയുള്ള 946,282/- രൂപ 31/03/2021-ൽ 42000040 നം. ജേർണൽ വൗച്ചർ പ്രകാരം 280800501-Prior Period-Progrmme Expenses ശീർഷകത്തിലേക്ക് മാറ്റി ബ്ലോക്ക് പഞ്ചായത്തിന്റെ അഡ്വാൻസ് തുക ക്രമീകരിച്ചിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നതിനാൽ അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ ആധികാരികത വ്യക്തമല്ല. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കേണ്ട 946,282/- രൂപ

ഒഴിവാക്കിയതിന്റെ വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/2020-21/23.02.2022) നൽകിയതിന് മറുപടി ലഭിച്ചില്ല.

മുൻകൂർ നൽകുന്ന ശീർഷകത്തിലെ ഇടപാടുകളുടെ വിവരം (മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ്, സാമ്പത്തിക വർഷത്തെ കണക്കുകളുടെ സംക്ഷിപ്തം) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽപറഞ്ഞ അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ ഒഴിവാക്കിയതും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നതുമായ തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. അതിനുശേഷം 946,282/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി മുൻകൂർ ക്രമീകരിച്ച് വിശദാംശം തുക അടവാക്കിയ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.

## 1-13 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് | ഉദ്ദേശ്യം/റിമാർക്ക്സ് |
|---|---|---|
| 1. | Special Grants ACR | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിനമയം നിരീക്ഷിക്കുന്നതിന് |
| 2. | Deposits Received Register | ലഭിച്ച നിക്ഷേപങ്ങളുടെ വിവരം, കാലയളവ്, റീഫണ്ട് എന്നിവ നിരീക്ഷിക്കുന്നതിന് |
| 3. | Governmet & Other Dues Register | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കുമുള്ള അടവാക്കൽ നിരീക്ഷിക്കാൻ |
| 4. | Asset Register | ആസ്തികൾ. രജിസ്റ്റർ കാലികമല്ല. ആസ്തികളുടെ കൃത്യമായ കണക്കെടുപ്പ് നടന്നിട്ടില്ല |
| 5. | Advanve Register | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകുന്ന അഡ്വാൻസ് തുകകൾ, ഡെപ്പോസിറ്റ് വർക്ക് തുക എന്നിവയുടെ വിനിമയം, റീഫണ്ട് എന്നിവ നിരീക്ഷിക്കുന്നതിന് |

2019-20, 2020-21 വർഷങ്ങളിൽ മേൽവിവരിച്ച അടിസ്ഥാന രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് ഇടപാടുകൾ നടന്നിട്ടുള്ളത്. കൃത്യമായ അനുബന്ധരേഖകളുടെ അഭാവത്തിൽ ഇടപാടുകളുടെ ആധികാരികത വ്യക്തമല്ല. 24/02/2022 ലെ ഓഡിറ്റ് സമാപന യോഗത്തിൽ വിഷയം അവതരിപ്പിച്ചപ്പോൾ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകി. മേൽവിവരിച്ച എല്ലാ രജിസ്റ്ററുകളും 2019-20, 2020-21 വർഷങ്ങളിലേത് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ട് മറുപടിക്കൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-14 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക-അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 2 ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ 9 കട മുറികളാണ് 2020-21 വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിൽ കാണുന്നു. വാടക

നടപടികൾ, കണക്കുകൾ സൂക്ഷിക്കൽ, കരാർ തുടങ്ങിയവയിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലെക്സ് വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ നിലവിലില്ല. വാടകയ്ക്ക് ആനുപാതികമായി GST ഈടാക്കുന്നില്ല.
2. കുത്തകക്കാരുമായി കരാർ ചമയ്ക്കുന്നതിൽ വിഴ്ച വരുത്തിയിരിക്കുന്നു. 2020-21 വർഷം കിടങ്ങൂർ ഷോപ്പിങ്ങ് കോംപ്ലെക്സിലെ 60D യിൽ രാജശ്രീ എന്ന വ്യക്തി കരാർ ചമയ്ക്കാതെയാണ് ഷോപ്പിങ്ങ് കോംപ്ലെക്സ് കടമുറികൾ കൈവശം വച്ചത്.
3. വാടക ഡിമാന്റ് രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മുറികളുടെയും തുക അടവാക്കിയത് രേഖപ്പെടുത്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.
വാടകയ്ക്ക് ആനുപാതികമായി GST ഈടാക്കുന്നില്ല.
4. വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപ്പോസിറ്റ് രജിസ്റ്ററിലോ വാടക നിക്ഷേപത്തിന്റെ (Rent Deposit) കണക്കുകളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ വാടക നിക്ഷേപ കണക്കുകളും ധനകാര്യ പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ധനകാര്യ പത്രിക | ലഭ്യമാക്കിയ കണക്ക് (രജിസ്റ്റർ) | വ്യത്യാസം |
|---|---|---|---|
| 31/03/2021 | 108,736/- | 137,100/- | 28,364/- |

5. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി.യും വാർഷിക കണക്കുകളിലെ ഡി.സി.ബി.യും വ്യത്യാസപ്പെട്ടിരിക്കുന്നു. വാടക ഡിമാന്റ് അക്കൗണ്ട് ചെയ്തത് രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിമാന്റിൽ നിന്ന് വ്യത്യസ്തമാണ്.

| ഇനം | ധനകാര്യ പത്രിക | ഡിമാന്റ് രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|
| 2020-21 | 196,450/- | 213,690/- | 17,240 |

വാടക ഡിമാന്റ് അക്കൗണ്ട് ചെയ്തത് കൃത്യമായ കണക്കുകളുടെ അഭാവത്തിലാണ് എന്നത് വ്യക്തമാണ്.
6. വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ ഒഴിഞ്ഞുകിടന്ന കാലയളവ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

വാടക നടപടിക്രമങ്ങളിലും അനുബന്ധരേഖകൾ കൈകാര്യം ചെയ്യുന്നതിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിശീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2020-21/ 23.02.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച വാടക നടപടികളിലെയും അനുബന്ധരേഖകളുടെ സൂക്ഷിപ്പിലെയും അപാകതകൾ ഓരോന്നും പരിഹരിച്ച് വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-15 ഇ-ടെൻഡർ ഫീസ്- ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല

5 ലക്ഷത്തിന് മുകളിൽ, അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കുന്നത്. 2020-21 വർഷം ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക GST ഉൾപ്പടെയുള്ളത് സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ (കോട്ടയം ജില്ല പഞ്ചായത്ത്) പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ആയത് തിരികെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് ഡയറക്ടർ കൃഷി, ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ (CDPO) എന്നിവർ നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് ഇ-ടെൻഡർ മുഖേനയാണ് ടെൻഡർ ക്ഷണിച്ചത്.

| പ്രോജക്ട് നം. | അടങ്കൽ | ടെൻഡർ ഫീസ് | ടെൻഡറുകൾ എണ്ണം | ആകെ ഫീസ് |
|---|---|---|---|---|
| 104/21 | 8.33 ലക്ഷം | 2,500/- + 450/- GST | 2 | 5,000/- + 900/- GST |
| 176/21 | 8 ലക്ഷം | 2,000/-+ 360/- GST | 3 | 6,000/- + 1,080/- GST |
| 98/21 | 11.9 ലക്ഷം | 2,380/-+ 620/- GST | 2 | 4,760/- + 1,240/-GST |
| ആകെ | | | | 15,760/- + 3,220/-GST |

മേൽപറഞ്ഞ 104/21, 176/21 നം. പ്രോജക്ടുകളുടെ ടെൻഡർ ഫീസ് (11,000/-, 1,980/- GST) കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അക്കൗണ്ടിൽ നിന്നും, 98/21 നം. പ്രോജക്ടിന്റെ ടെന്റർ ഫീസ്(4,760/- + 1,240/-GST) കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അക്കൗണ്ടിൽ നിന്നും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്. ടെന്റർ ഫീസ് വരവായും GST തുക ബാധ്യതയായും അക്കൗണ്ട് ചെയ്യേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 GST സർക്കാരിലേക്ക് അടവാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്ന GST തുക സർക്കാരിലേക്ക് നാളിതുവരെ അടവാക്കിയിട്ടില്ല. 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം CGST 34,326/- രൂപ SGST 34,326/- രൂപ എന്നിങ്ങനെ 68,652/- രൂപ നിലനിൽക്കുന്നുണ്ട്. GST രജിസ്ട്രേഷൻ നമ്പർ ലഭ്യമാകാത്തതിനാലാണ് തുക ഒടുക്കാത്തത് എന്നാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയ വിശദീകരണം. 24/02/2022 ലെ എക്സിറ്റ് മീറ്റിങ്ങിലും വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. GST രജിസ്ട്രേഷൻ ലഭ്യമാക്കി GST തുക സർക്കാരിലേക്ക് അടവാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. GST തുക യഥാസമയം അടയ്ക്കാതെ വന്നാൽ ഫൈൻ അടയ്ക്കേണ്ടതായി വരുന്നതും, ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയാകുന്നതുമാണ്.

## 1-17 ഒറിജിനൽ രസീത് ഹാജരാക്കാതെ .ഇ.എം.ഡി തുകകൾ റീഫണ്ട് ചെയ്തു നല്കുന്നു

നിരസിച്ച ടെൻഡറുകളുടെ കരാറുകാർ ഇ.എം.ഡി തുകകൾ തിരികെ ആവശ്യപ്പെടുമ്പോൾ ഒറിജിനൽ രസീത് ഹാജരാക്കാതെ തുക തിരികെ നല്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ടെൻഡററുടെ പേര് | തുക | ചെക്ക് നം |
|---|---|---|
| അൽഫോൺസ് ജോർജ്ജ് | 12500 | 1155404/24.8.19 |
| അജിൻ സ്കറിയ | 10000 | 5430732/28.9.20 |
| രാജൻ വർഗ്ഗീസ് | 25000 | 5430708/23.7.20 |
| ജോഷി സക്കറിയ | 12500 | 1155459/13.12.19 |

ഒറിജിനൽ രസീത് ഹാജരാക്കാത്തപക്ഷം മുദ്രപത്രത്തിൽ ബോണ്ട് എഴുതി വാങ്ങിയ ശേഷം മാത്രം തുക റീഫണ്ട് ചെയ്തു നൽകേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ ബ്ളോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതും ഡെപ്പോസിറ്റ് തുകകൾ തിരികെ നല്കുമ്പോൾ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-18 വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

ജനറൽ പർപ്പസ് ഫണ്ട് വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ രേഖകളൊന്നും തന്നെ സൂക്ഷിക്കുന്നില്ല. ബില്ലുകൾ ബന്ധപ്പെട്ട ഫയലിൽ മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തേണ്ടതാണ്. വൗച്ചറുകളിൽ നം./തീയതി രേഖപ്പെടുത്തുന്നില്ല. സാംഖ്യയിൽ ലഭ്യമാകുന്ന പേയ്മെന്റ് വൗച്ചറുകൾ വൗച്ചറുകൾക്കൊപ്പം സൂക്ഷിക്കേണ്ടതാണ്. എല്ലാ വൗച്ചറുകളും പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കമ്പ്യൂട്ടറുകൾ നാളിതുവരെ ലഭിച്ചില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 81/21 |
| പ്രോജക്ട് | വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ,ഫർണിച്ചർ മുതലായ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 400000(മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ചെലവ് | 260847 |
| ബിൽ നം, തീയതി | 49/9.2.21 -160872 (കമ്പ്യൂട്ടർ, ലാപ്ടോപ്പ് വാങ്ങൽ)<br>26/22.9.20 – 99975 (C.C.T.V.ക്യാമറ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് 2 ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറും ഒരു ലാപ്ടോപ്പും വാങ്ങുന്നതിനായി 160872 രൂപ പ്രൊഫോർമ ഇൻവോയ്സ് നം.TVM/ITBG/PI/RC/19508/20-21/15.10.20 പ്രകാരം കെൽട്രോണിന് നല്കിയിട്ടുണ്ട്. ടി ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നാളിതുവരെയും കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല എന്ന് മറുപടി നല്കി. കമ്പ്യൂട്ടർ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 160872/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറുകൾ ലഭ്യമാകാത്ത പക്ഷം തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-20 കുഴൽ കിണർ നിർമ്മാണത്തിനായി എസ്റ്റിമേറ്റിലും അധികമായി തുക ഡെപ്പോസിറ്റ് ചെയ്തു

| | |
|---|---|
| പ്രോജക്ട് നമ്പർ | 109/21 |
| പ്രോജക്ട് | തോട്ടപ്പള്ളി വനിതാ തൊഴിൽ പരിശീലന കേന്ദ്രം -കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 250000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 250000 |
| ബിൽ നം, തീയതി | 2/15.4.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ളോക്ക് പഞ്ചായത്ത് |

തോട്ടപ്പള്ളി വനിതാ തൊഴിൽ പരിശീലന കേന്ദ്രം കുഴൽ കിണർ നിർമ്മാണത്തിനായി 250000 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയത്തിന്റെ 27.3.20ലെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് 250000 രൂപയാണ്. ടി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ 3.11.20ലെ GWK/414/2020 നം കത്ത് പ്രകാരം ടി വർക്കിന്റെ എസ്റ്റിമേറ്റ് തുക 195000 രൂപ മാത്രമാണ്. ഇപ്രകാരം എസ്റ്റിമേറ്റിൽ അധികരിച്ച് 55000 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി നടപ്പിലാക്കിയതിന്റെ വിവരങ്ങളും പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് ഇനത്തിൽ അധികം നല്കിയ 55000 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

## 1-21 പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനരഹിതം - മാലിന്യം കുന്നുകൂടിയ നിലയിൽ

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി 2019-20, 20-21 വർഷം ചുവടെ ചേർക്കും പ്രകാരം തുകകൾ ക്ളീൻ കേരള കമ്പനിക്ക് നല്കിയിട്ടുണ്ട്.

| പ്രോജക്ട് നം | തുക | റിമാർക്സ് |
|---|---|---|
| 50/20 | 206000 | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തന നടത്തിപ്പിനായി |
| 87/20 | 193443 | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തന നടത്തിപ്പിനായി |
| | 162370 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെയും ബെയ്ലിംഗ് യൂണിറ്റിന്റെയും എ.എം.സി |

3.11.21 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ക്ലീൻ കേരള കമ്പനിക്കു നല്കിയ കത്തിൽ യൂണിറ്റ് മാസങ്ങളായി പ്രവർത്തിക്കുന്നില്ല എന്നും ആർ.ആർ.എഫ് മാലിന്യങ്ങൾ നിറഞ്ഞ അവസ്ഥയിലാണെന്നും അറിയിച്ചതായി കാണുന്നു. ഇത്രയും തുക ക്ലീൻ കേരള കമ്പനിക്ക് നല്കിയിട്ടും ബ്ലോക്ക് ഓഫീസ് പരിസരത്ത് സ്ഥിതിചെയ്യുന്ന ആർ.ആർ.എഫ്.ന് അകത്തും പുറത്തും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായും പ്രാദേശിക പരിശോധനയിൽ കാണപ്പെട്ടു. മാലിന്യ സംസ്കരണത്തിനായി നിലവിൽ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല എന്നും ശ്രദ്ധയിൽപ്പെട്ടു. മാലിന്യ സംസ്കരണത്തിനായി എന്ത് നടപടികളാണ് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കൈക്കൊണ്ടിട്ടുള്ളത് എന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/21.02.2022) മെഷീനറിക്ക് ഇടക്കിടെ കേടുപാടുകൾ ഉണ്ടായതിനാൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് ജോലി നടത്തിക്കൊണ്ടിരുന്നവർ ജോലി ഉപേക്ഷിച്ച് പോയതിനാലാണ് നിലവിൽ പ്ളാസ്റ്റിക് കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലെത്തിയതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഇടപെടുകയും ആർ.ആർ.എഫ് ലേക്ക് കരാർ ജീവനക്കാരെ നിയമിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും മാലിന്യ സംസ്കരണം കൃത്യമായി നടപ്പിലാക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 കാലിത്തീറ്റ സബ്സിഡി പരാമാവധി നിരക്കിനേക്കാൾ അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നം./വർഷം | സുഭിക്ഷ കേരളം-കാലിത്തീറ്റ സബ്സിഡി (153/21),2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |

| | |
|---|---|
| അടങ്കൽ | 341,404/-(വികസന ഫണ്ട്-ജനറൽ)<br>713,045/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>1,072,450/- ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവ്<br>ആകെ അടങ്കൽ 2,126,899/- |
| ബ്ലോക്ക് പഞ്ചായത്ത് ചെലവ് | 9.69 ലക്ഷം<br>256,200/- വികസന ഫണ്ട്-ജനറൽ<br>712,800/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഏജൻസി | കേരള ഫീഡ്സ് ലിമിറ്റഡ്,കല്ലേട്ടുംകര, തൃശ്ശൂർ-680683. |

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് പരമാവധി 50% സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 8 പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന 14 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയത്. 2020-21 വർഷം മേൽ പ്രോജക്ട് സബ്സിഡിയിനത്തിൽ 9.69 ലക്ഷം രൂപ കേരള ഫീഡ്സ് ലിമിറ്റഡിന് നേരിട്ട് അക്കൗണ്ടിലേക്ക് നൽകി. ഫയൽ പരിശോധിച്ചതിൽ നിന്നും സബ്സിഡി നിരക്ക് കാലിത്തീറ്റ ബാഗ് ഒന്നിന് 500/-, 400/-, 600/- എന്നീ നിരക്കുകൾ നൽകിയിട്ടുണ്ട്. 14/02/2018-ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം.22/2018/തസ്വഭവ പ്രകാരം പരമാവധി കാലിത്തീറ്റ സബ്സിഡി ജനറൽ വിഭാഗത്തിന് 50% ആണ്. എന്നാൽ 600/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ച് ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യപ്പെട്ട കാലിത്തീറ്റയ്ക്ക് പരമാവധി സബ്സിഡി നിരക്കായ 50% ൽ അധികം നൽകിയതായി കാണുന്നു. 1,145/- രൂപയാണ് ഒരു ചാക്കിന് ബിൽ പ്രകാരം കാലിത്തീറ്റയുടെ വില. പരമാവധി 572.5 രൂപ സബ്സിഡി അനുവദിക്കേണ്ട സ്ഥാനത്ത് 27.5 രൂപ അധികമായി 600/- രൂപ കർഷക സംഘം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു. 724 ഗുണഭോക്താക്കൾക്ക് 4 ബില്ലുകൾ പ്രകാരം 600/- രൂപ നിരക്കിൽ 434,400/- രൂപ സബ്സിഡി നൽകി. ബ്ലോക്ക് പഞ്ചായത്ത് ചെലവ് ബില്ലുകളുടെ വിവരം ചേർക്കുന്നു.

| ക്രമ നം. | ബിൽ നം.(ACR പ്രകാരം) | തുക | ഫണ്ടിനം |
|---|---|---|---|
| 1. | 166/05.03.2021 | 174000/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) |
| 2. | 176/16.03.2021 | 37,800/- | ,, |
| 3. | 201/27.03.2021 | 2,19,600/- | വികസനഫണ്ട് (ജനറൽ) |
| 4. | 204/27.03.2021 | 3,000/- | ,, |
| | ആകെ | 4,34,400 | |

572.5 രൂപ നിരക്കിൽ 414,490/- രൂപയായിരുന്നു നൽകേണ്ടിയിരുന്ന തുക. ചെലവിന്റെയും അധികം നൽകിയ തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീരസംഘം (പഞ്ചായത്ത്) | കാലിത്തീറ്റ (Packet) | ബിൽ നം. / തീയതി/ | ബിൽ തുക | നൽകാവുന്ന പരമാവധി | നൽകിയ സബ്സിഡി | അധികം നൽകിയ |
|---|---|---|---|---|---|---|---|

| | | | തുക | | സബ്സിഡി | | തുക |
|---|---|---|---|---|---|---|---|
| 1. | വെള്ളൂർ (പാമ്പാടി) | 32 | KFLPI-20-21-047744 /27.02.2021 | 36,640/- | 18,320/- | 19,200/- | 880/- |
| 2. | പാമ്പാടി ഈസ്റ്റ് (പാമ്പാടി) | 31 | KFLPI-20-21-047522 /26.02.2021 | 35,495/- | 17,748/- | 18600 | 852/- |
| 4. | കൂരോപ്പട (കൂരോപ്പട) | 182 | KFLPI-20-21-047265/ 24.02.2021 | 208,390/- | 104,195/- | 109,200/- | 5,005/- |
| 5. | ആനിക്കാട് (പള്ളിക്കത്തോട്) | 108 | KFLPI-20-21-047266/ 24.02.2021 | 123,660/- | 61,830/- | 64800 | 2,970/- |
| 6. | കുരിയന്നൂർ (മീനടം) | 83 | - | 95,035/- | 47,517/- | 49,800/- | 2,283/- |
| 7. | കുടല്ലൂർ (കിടങ്ങൂർ) | 131 | KFLPI-20-21051078/ 20.03.2021 | 149,995/- | 74,997/- | 78,600/- | 3,603/- |
| 8. | കുമ്മണ്ണൂർ (കിടങ്ങൂർ) | 81 | KFLPI-20-21-051079/ 20.03.2021 | 92,745/- | 46,372/- | 48,600/- | 2,228/- |
| 9. | കിടങ്ങൂർ (കിടങ്ങൂർ) | 71 | KFLPI-20-21-477745/ 27.02.2021 | 81,295/- | 40,647/- | 42,600/- | 1,953/- |
| 10. | മറ്റക്കര (അകലക്കുന്നം) | 5 | KFLPI-20-21-0519929/ 25.03.2021 | 5,725/- | 2,863/- | 3,000/- | 137/- |
| ആകെ | | 724 | - | 828,980/- | 414,490/- | 434,400/- | 19,910/- |

സബ്സിഡിയിനത്തിൽ കാലിത്തീറ്റയുടെ ബിൽ തുകയുടെ 50% ൽ അധികമായി 19,910/- രൂപ നൽകിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/2020-21/22.02.2022) നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ, ക്ഷീരസംഘം നൽകിയ ബില്ലിന്റെ തുകയുടെ 50% തുകയാണ് സബ്സിഡി നിശ്ചയിച്ചത് എന്നാണറിയിച്ചത്. എന്നാൽ കാലിത്തീറ്റ ലഭ്യമാക്കിയ കേരള ഫീഡ്സിന് ലഭ്യമാക്കിയ ഇൻവോയ്സിന് നേരിട്ട് തുക നൽകിയപ്പോൾ 50% ൽ അധികരിച്ചത് സബ്സിഡി അധികമായി നൽകി എന്നത് വ്യക്തമാക്കുന്നു. സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങളും സബ്സിഡി പരിധിയും കർശനമായും പാലിക്കേണ്ടതാണ്.

**<u>1-23 കർഷക സംഘങ്ങൾ വാങ്ങിയ കമ്പ്യൂട്ടറിന് ചെലവായ തുക പ്രോജക്ടിലൂടെ തിരികെ നൽകി</u>**

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നം./വർഷം | മണർകാട് കർഷക മാർക്കറ്റ് പുതിയ ഔട്ട്‌ലെറ്റിലേക്ക് കമ്പ്യൂട്ടർ ഫർണിച്ചർ(105/21), 2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| അടങ്കൽ | 2 ലക്ഷം (വികസന ഫണ്ട്- |

| | |
|---|---|
| | ജനറൽ) |
| ചെലവ് | 2 ലക്ഷം രൂപ വികസന ഫണ്ട്-ജനറൽ |
| ചെലവ് വിശദാംശം (ബിൽ നം./തീയതി) | 1.5 ലക്ഷം രൂപ CB No.1/2020-21/20.04.2020<br>50,000/- രൂപ CB No.4/2020-21/27.03.2021 |

നിറവ് കർഷക മാർക്കറ്റ്-മണർകാട് എന്ന കർഷക സംഘത്തിന് ഇലക്ട്രോണിക് വെയിങ്ങ് മെഷീൻ, കമ്പ്യൂട്ടർ, ഇൻവെർട്ടർ, ഫർണിച്ചർ തുടങ്ങിയവ വാങ്ങിയതിന്റെ ഇൻവോയ്സ് പ്രകാരമുള്ള തുക 1.5 ലക്ഷം രൂപ കർഷകസംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (Account No.17680100023829, IFC-FDRL0001768, Federal Bank) പ്രോജക്ട് പ്രകാരം നൽകി. വെള്ളൂർ പച്ചക്കറി ഉൽപ്പാദക സംഘത്തിന് കമ്പ്യൂട്ടർ വാങ്ങിയ ഇൻവോയ്സ് പ്രകാരം 50,000/- രൂപ കർഷകസംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (Account No.3585101004475, IFC-CNRB0003585, Canera Bank) പ്രോജക്ട് പ്രകാരം നൽകി. മേൽപറഞ്ഞ രണ്ട് കർഷക സംഘങ്ങളും സ്വന്തം പേരിൽ വാങ്ങിയ കമ്പ്യൂട്ടറുകൾ, ഇൻവെർട്ടർ, ഫർണിച്ചർ, വെയിങ്ങ് മെഷീൻ തുടങ്ങിയവയ്ക്കാണ് ഇൻവോയ്സ് ഹാജരാക്കിയപ്പോൾ ചെലവായ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് പ്രോജക്ട് മുഖേന നൽകിയത്.

14/02/2018-ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം.22/2018/തസ്വഭവ പ്രകാരം നിശ്ചിത രജിസ്ട്രേഷന് ഉള്ള കർഷക സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങൾക്ക് മാത്രമാണ് 90% സബ്സിഡിയോടെ ക്വട്ടേഷൻ/ടെന്റർ നടപടികളിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി കൈമാറാവുന്നത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഇലക്ട്രോണിക് വെയിങ്ങ് മെഷീൻ, കമ്പ്യൂട്ടർ, ഇൻവെർട്ടർ, ഫർണിച്ചർ തുടങ്ങിയ ഉപകരണങ്ങൾ കർഷക സംഘങ്ങൾ സ്വന്തമായി വാങ്ങിയതിന് ചെലവഴിച്ച തുക ബിൽ ഹാജരാക്കിയപ്പോൾ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത് സബ്സിഡി മാർഗ്ഗരേഖയുടെ വ്യക്തമായ ലംഘനമാണ്. കാർഷിക ഉപകരണങ്ങൾക്ക് മാത്രം അനുവദിക്കാവുന്ന സബ്സിഡി തുക, കമ്പ്യൂട്ടർ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾക്കും ഫർണിച്ചറിനും അനുവദിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ 2 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/2020-21/ 17.02.2022) സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള കർഷക സംഘങ്ങൾക്ക് അനുവദിക്കാവുന്ന ഗ്രാന്റ് എന്ന നിലയിലാണ് തുക അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ കർഷകസംഘങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഗ്രാന്റ് തുക നിശ്ചയിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം അപ്രകാരം ഗ്രാന്റ് തുക നിശ്ചയിക്കുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത വിഷയം 24/02/2022 ലെ എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ കർഷക സംഘങ്ങൾക്ക് ഗ്രാന്റ് നിശ്ചയിച്ചിട്ടില്ല എന്നാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ മറുപടി. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ച് തീരുമാനം എടുക്കാത്ത സാഹചര്യത്തിലും രണ്ട് കർഷക സംഘങ്ങൾക്ക് മാത്രമായി വികസനഫണ്ട് ചെലവഴിച്ചതിലും സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ വ്യക്തമായ മറുപടിയും കമ്മിറ്റി തീരുമാനങ്ങളും ലഭ്യമാകുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ആസ്തി പരിപാലനം ഫലപ്രദമല്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട് . ടി ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും യോഗം ചേരുകയോ മറ്റ്

നടപടികൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. ആസ്തികളിടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് കാണുന്നു. ആസ്തി പരിപാലനത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-25 ബാരൽ വില പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു**

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ വികസനഫണ്ട് വിനിയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് Sale Of Empties & Waste Material എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം പ്രവർത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ബാരൽ വിലയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം &പേര് | കുറവ് ചെയ്ത ബാരൽ വില |
|---|---|
| 145/21 കുരോപ്പട ഗ്രാമപഞ്ചായത്ത് - ചേന്നംപള്ളി-പോരാളൂർ റോഡ് ടാറിങ്ങ് | 7306 |
| 89/20 പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് -മന്ദിരം -കാക്കത്തോട് റോഡ് ടാറിങ്ങ് | 3091 |
| ആകെ | 10397 |

വികസനഫണ്ട് ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ്ങ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. തനത് ഫണ്ടിൽ ലഭിച്ച ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കിയിരുന്നോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം7/21-2-22) മറുപടി ലഭിച്ചിരുന്നില്ല. ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ സൂക്ഷിക്കുന്ന തുക സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-26 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളുടെ അടങ്കൽ -നിശ്ചിത പരിധി പാലിക്കുന്നില്ല**

13-ാം പദ്ധതിയിലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖ.3-5-6(1) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകൾ, ഘടകസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ എന്നിവ ഒഴികെയുള്ള എല്ലാ പ്രോജക്ടുകൾക്കും ഈ പരിധി ബാധകവുമാണ്. എന്നാൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന ഫണ്ട് സാധാരണവിഹിതം വകയിരുത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രസ്തുത പരിധി പാലിച്ചിരുന്നില്ലായെന്ന് കാണുന്നു

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| പ്രോജക്ട് നം.100/21കോത്തല വനിതതൊഴിൽപരിശീലനകേന്ദ്രത്തിന് ചുറ്റുമതിൽ , ഗേറ്റ് നിർമ്മാണം | 3,00,000 | 299946 |
| പ്രോജക്ട് നം.91/21 മീനടം ഏഴാം | 3,00,000 | 299584 |

| | | |
|---|---|---|
| വാർഡ് ആലയംപടി വാട്ടർടാങ്ക് റോഡ് കോൺക്രീറ്റിങ്ങ് | | |
| പ്രോജക്ട് നം.120/21 അകലക്കുന്നം- വൃദ്ധരുടെ റിക്രിയേഷൻ സെന്റർ പൂർത്തീകരണം | 2,49,250 | 249194 |

ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അടങ്കൽ തുകയുടെ പരിധി പാലിക്കാത്തത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പ്രസ്തുത വിഷയത്തിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ബ്ലോക്ക് /ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിലല്ലാത്ത ഭൂമിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ക്രമവിരുദ്ധം

ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയ ചില നിർമ്മാണപ്രവൃത്തികൾ ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമിയിലല്ലായെന്ന് കാണുന്നു. ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ളതോ കൈമാറിക്കിട്ടിയതോ ആയ ഭൂമിയിൽ നിർമ്മാണപ്രവർത്തനം നടത്താമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ ചില പ്രൊജക്റ്റുകളുടെ ഉടമസ്ഥാവകാശം പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നില്ലായെന്ന് കാണുന്നു. നിർമ്മാണ പ്രവർത്തനം നടന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ലാതെ നടപ്പാക്കിയ പ്രൊജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രൊ.നം & പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 92/21- അകലക്കുന്നം ഗ്രാമപഞ്ചായത്ത് - പട്യാലിമറ്റം BSSനെഹ്റു മെമ്മോറിയൽ ലൈബ്രറിയ്ക്ക് കളിസ്ഥലം | 150000 |
| 2 | 102/21 -പാമ്പാടി പ്ലാങ്കുഴി കർഷകഭൂമിയുടെ മണ്ണ് സംരക്ഷണത്തിന് സൈഡ് കെട്ടൽ | 595426 |
| 3 | 90/21 – കൂരോപ്പട -ഇടയ്ക്കാട്ടുകുന്ന് സെൻട്രൽ ലൈബ്രറി ഹാൾ നിർമ്മാണം | 432402 |
| 4 | 103/21 കോതാംഗലം പാടശേഖരം- സംരക്ഷണഭിത്തി നിർമ്മാണം | 532742 |

നിർമ്മാണപ്രവൃത്തി നടന്ന മേൽപറഞ്ഞ പ്രൊജക്റ്റുകളുടെ ആസ്തികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (14/24.02.2022) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തിയാണെന്ന് ഉറപ്പുവരുത്തി മാത്രം നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ആവശ്യാധിഷ്ഠിതമല്ലാതെയുള്ള കെട്ടിടനിർമ്മാണപ്രൊജക്റ്റുകൾ- സർക്കാർ ഗ്രാന്റുകളുടെ പാഴ്ചെലവ്

ബ്ലോക്ക് പഞ്ചായത്തിൽ വർഷം തോറും വനിതാ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ/ വനിതാവികസനകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണങ്ങൾക്കായി പദ്ധതിതുക ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ മാത്രം നിരവധി പ്രൊജക്റ്റുകൾ നടപ്പാക്കി വരുന്നതായി കാണുന്നു. മുൻവർഷങ്ങളിലും

വിവിധ ഗ്രാമപഞ്ചായത്തുകളിൽ ആവശ്യാധിഷ്ഠിതമല്ലാതെ നിരവധി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ നിർമ്മാണം നടത്തിയത് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. 2020-21 വർഷം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | തൻവർഷം ചെലവഴിച്ച തുക |
|---|---|---|
| 72/20 എലിക്കുളം-കൈരളി ഗ്രന്ഥശാലയുടെ മുകളിൽ വനിതതൊഴിൽ പരിശീലനകേന്ദ്രം | 118247 | 118247 |
| 85/20 & 149/21 എലിക്കുളം -ഉരുളികുന്നം ഉദയഅംഗൻവാടിയ്ക്ക് മുകൾവശം വനിതതൊഴിൽ പരിശീലനകേന്ദ്രം | 478676<br>330585 | 148091<br>330478 |
| 91/20, 126/21, 84/21, 72/21, 95/21 കൂരോപ്പട തോട്ടപ്പള്ളി വനിത തൊഴിൽ പരിശീലനകേന്ദ്രം | 31,08,607 | 21,49,272 |
| 120/20മണർകാട് രണ്ടാം വാർഡിൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 979015 | 853296 |
| 100/21 കൂരോപ്പട -കോത്തല വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 300,000 | 299946 |
| 122/21 പള്ളിക്കത്തോട് -മറ്റപ്പള്ളി അംഗൻവാടിയ്ക്ക് മുകൾവശം വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 500000 | 500000 |

13-ാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.11/2018 തീ:29.1.18) പ്രകാരം പുതിയ കെട്ടിട നിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ സ്ഥാപനപരിധിയിൽ നിർജ്ജീവ ആസ്തിയുണ്ടോയെന്നും ഉണ്ടെങ്കിൽ ആയവ ഉപയോഗപ്പെടുത്താൻ സാധിക്കുമോയെന്നും പരിശോധിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ളവ ഉപയോഗപ്രദമാക്കാൻ സാധിക്കുമോ എന്നത് പരിഗണിക്കാതെ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പുതുതായി ഓരോ വർഷവും നിർമ്മിക്കുകയെന്നത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ പ്രോജക്ടുകളെപ്പറ്റി യുക്തിസഹമായ വിലയിരുത്തൽ നടത്തുന്നില്ലായെന്ന് വ്യക്തമാക്കുന്നു. നിർമ്മാണം പൂർത്തിയായ തൊഴിൽപരിശീലനകേന്ദ്രങ്ങളിൽ പോലും യാതൊരു പ്രവർത്തനങ്ങളുമില്ലാതെ അടഞ്ഞ് കിടക്കുന്ന അവസ്ഥയിലാണ്. പലകെട്ടിടങ്ങളും പ്രവർത്തനമില്ലാതെ സാമൂഹ്യവിരുദ്ധരുടെ താവളമായിത്തീർന്ന അവസ്ഥയാണെന്ന് കമ്മറ്റി അംഗങ്ങൾ എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചു. തുടർ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കാൻ സാധിക്കുമോയെന്നത് പരിശോധിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

**1-29 മുഴൂർ കർഷകമാർക്കറ്റിലേക്ക് ഡ്രയർ യൂണിറ്റ് വാങ്ങൽ-സർക്കാർ അനുമതി ലഭ്യമാക്കിയില്ല- കർഷകസംഘങ്ങളുമായി കരാർ വച്ചിട്ടില്ല**

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 119/21 മുഴൂർ കർഷകമാർക്കറ്റ് നിർമ്മാണം |
| അടങ്കൽ | 400000/-(വികസനഫണ്ട്) 500000/-(ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | 400000/-(വികസനഫണ്ട്) Bill No 63/31-3-2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മുഴൂർ കർഷകമാർക്കറ്റ് നിർമ്മാണം പ്രൊജക്റ്റിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുഴൂർ കർഷക മാർക്കറ്റിന് 3,27,000/-രൂപ ചെലവഴിച്ച് ഡ്രയർ യൂണിറ്റ് വാങ്ങിയിരുന്നു. കാർഷികഉപകരണങ്ങളുടെ ഉപയോഗക്ഷമത പരിശോധിച്ച് ഉറപ്പാക്കി വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത് കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണന്നിരിക്കെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കാർഷിക ഉപകരണങ്ങളുടെ വാങ്ങൽ പ്രൊജക്റ്റ് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല.

ടെൻഡർ നടപടികളിലൂടെ കുട്ടംതടത്തിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങിയ ഡ്രയർ യൂണിറ്റിന്റെ കൈമാറ്റം, നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി സമിതി രൂപീകരിച്ചിരുന്നില്ല. വാടക നിരക്ക്, പരിപാലനം എന്നിവ സംബന്ധിച്ച് കർഷകസംഘങ്ങളുമായി കരാർ വച്ചിരുന്നില്ല. പ്രസ്തുത വാങ്ങൽ സംബന്ധിച്ച് പർച്ചേസ് കമ്മറ്റിയുടെ അറിവോ അനുമതിയോ ഇല്ലായെന്ന് കാണുന്നു. സ.ഉ (എം.എസ്) 22/2018 തസ്വഭവ തീയതി 14-2-18 പ്രകാരം സർക്കാർ ഫണ്ടുകൾ വിനിയോഗിച്ച് ഡ്രയർ യൂണിറ്റ് വാങ്ങി നൽകാൻ അനുമതിയില്ലാത്തതാകുന്നു. പ്രസ്തുത അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/21-2-22) മറുപടി ലഭ്യമായിരുന്നില്ല. ഡ്രയർ യൂണിറ്റ് ഒഴികെയുള്ള മറ്റ് കാർഷികഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് കർഷകസമിതികൾക്കും സംഘങ്ങൾക്കും അനുവദിക്കാവുന്ന സബ്സിഡി 90% മാത്രമാണ്. 100% തുകയും ചെലവഴിച്ച് ഡ്രയർ യൂണിറ്റ് വാങ്ങി നൽകിയതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയില്ല. ഡ്രയർ യൂണിറ്റ് വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കാത്തതിനാലും വാങ്ങിയ മെഷീൻ കർഷക സംഘങ്ങളുമായി കൃത്യമായ കരാറിലേർപ്പെട്ട് കൈമാറാതിരുന്നതിനാലും മേൽ പ്രോജക്ടിനായുള്ള 327000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 കുടിവെള്ളപദ്ധതികൾ -പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല- ലക്ഷ്യം കൈവരിക്കുന്നില്ല**

ബ്ലോക്ക് പഞ്ചായത്തിൽ 2019-20, 2020-21 കാലയളവിൽ നിലവിലുള്ളതിന്റെ വിപുലീകരണത്തിനും പുതിയതുമായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നിരവധി കുടിവെള്ളപദ്ധതികൾ ആരംഭിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റിൽ പൂർത്തീകരണത്തിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്താതെ ഭാഗീകമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമൂലം പദ്ധതികൾ ഒന്നും തന്നെ ലക്ഷ്യത്തിലെത്താത്ത സ്ഥിതി വിശേഷമാണ്. സ.ഉ (കൈ) നം 11/2018തസ്വഭവ തീയതി 29-1-2018 പ്രകാരം കുടിവെള്ള പ്രൊജക്റ്റുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃസമിതികൾ രൂപീകരിക്കണമെന്നും എല്ലാ

കുടിവെള്ള പ്രൊജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തണമെന്നുമുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലായെന്നു കാണുന്നു. കൂടാതെ പ്രൊജക്റ്റിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയും ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടശേഷമേ പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവൂ എന്നും പ്രസ്തുത ഉത്തരവിൽ പറയുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രൊജക്റ്റുകൾക്കൊന്നുംതന്നെ ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് കരാറിലേർപ്പെട്ടില്ലായെന്ന് കാണുന്നു.

| ക്രമനം | പ്രൊ.നം & പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 167/20 എലിക്കുളം - രണ്ടാംമൈൽ ഇരുമ്പുകുത്തി SC കോളനി കുടിവെള്ള പദ്ധതി | 500000 | 173955 |
| | 101/21 എലിക്കുളം - രണ്ടാംമൈൽ ഇരുമ്പുകുത്തി SC കോളനി കുടിവെള്ള പദ്ധതി | 326045 | 318284 |
| 2 | 40/21 കിടങ്ങൂർ -ചെറുമണത്തറ ജലസേചനപദ്ധതി | 550000 | 450000 |
| 3 | 54/21 എലിക്കുളം -പുല്ലാട്ട് കുന്ന് കുടിവെള്ള പദ്ധതി<br>94/21എലിക്കുളം -പുല്ലാട്ട് കുന്ന് കുടിവെള്ള പദ്ധതി | 343000<br>600000 | 211330<br>507871 |
| 4 | 59/21 കിടങ്ങൂർ- കുന്നംപുറം കുടിവെള്ളപദ്ധതി | 500000 | 416131 |
| 5 | 73/21 എലിക്കുളം -കൊടിപ്പറമ്പിൽ കുടിവെള്ളപദ്ധതി | 550000 | 394018 |
| 6 | 96/21 പള്ളിക്കത്തോട്- പൊങ്ങനാംകുന്ന് കുടിവെള്ളപദ്ധതി | 500000 | 450455 |
| 7 | 97/21 പള്ളിക്കത്തോട്- തുമ്പോളി ചക്കാംമ്പുഴ കുടിവെള്ളപദ്ധതി | 400000 | 399923 |
| 8 | 117/21പാമ്പാടി-മരക്കാപ്പള്ളിSC കോളനി കുടിവെള്ളപദ്ധതി | 1000000 | 868082 |
| 9 | 118/21 ചെങ്ങളം അതിരമുണ്ട ജലസേചനക്കുളം നിർമ്മാണം | 300000 | 299986 |
| 10 | 141/21 പള്ളിക്കത്തോട്- പുലിയുറുമ്പിൽ-നെയ്യാട്ടുകുന്ന് ജലസേചനപദ്ധതി | 500000 | 440620 |
| 11 | 151/21 എലിക്കുളം -പള്ളിക്കുന്ന് കുടിവെള്ള പദ്ധതി | 285000 | 85000 |

മേൽപറഞ്ഞ കുടിവെള്ള പ്രൊജക്റ്റുകൾ മിക്കതിന്റെയും ജലസ്രോതസ് കുഴൽക്കിണറുകളാണ്. ഈ കുഴൽക്കിണറുകൾക്ക് കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ ജലലഭ്യത സംബന്ധിച്ച സാക്ഷ്യപത്രം ഫയലിലില്ല. പ്രസ്തുത പ്രൊജക്റ്റുകൾ ഒന്നും തന്നെ പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻചെയ്ത്

ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ളതിന്റെ രേഖകളൊന്നും ഫയലിലില്ല. 23-2-22ന് എൽഎസ്ജിഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടന്ന പരിശോധയിൽ താഴെ പറയുന്ന കുടിവെള്ളപദ്ധതികൾ ഭാഗീകമായ ജോലികൾ മാത്രം ചെയ്തിരിക്കുന്നതായി കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. കൊടിപ്പറമ്പിൽ കുടിവെള്ളപദ്ധതി**

| | |
|---|---|
| പ്രൊ.നം | 73/21 |
| അടങ്കൽ | 450000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) + 1,00,000 (തനത് ഫണ്ട്) = 5,50,000 |
| ചെലവ് | 394018 (Bill No.65/30.03.2021) |
| കരാറുകാരൻ | തമ്പി തോമസ് |

പ്രസ്തുത കുടിവെള്ളപദ്ധതിയ്ക്കായി 300 അടി ആഴത്തിലുള്ള കുഴൽക്കിണർ സ്ഥാപിച്ചിട്ടുണ്ട്. കുഴൽക്കിണറിൽ നിന്നും ടാങ്കിലേക്ക് 75mm പമ്പിങ്ങ് മെയിൻ സ്ഥാപിക്കാനായിരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ടാങ്കിൽ നിന്നും കിണറിലേക്കുള്ള 685m നീളത്തിലാണ് പൈപ്പ് സ്ഥാപിച്ചിട്ടുള്ളത്. പൈപ്പ് കിണറിന്റെ സമീപം വരെ എത്തിയിട്ടില്ല. മോട്ടോർ, പമ്പ്ഹൗസ് എന്നിവ സ്ഥാപിച്ചിട്ടില്ല. നിലവിലുള്ള കുടിവെള്ളപദ്ധതിയുടെ ടാങ്കിലേക്കാണ് വെള്ളം പമ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് വിതരണപൈപ്പ് ലൈൻ സ്ഥാപിക്കൽ ഉൾപ്പടെ വളരെയധികം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രൊജക്റ്റിനായുള്ള 394018/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

**2. പുല്ലാട്ടുകുന്ന് കുടിവെള്ളപദ്ധതി**

| | | |
|---|---|---|
| പ്രൊ.നം | 54/21 | 94/21 |
| അടങ്കൽ | 343000 | 600000 |
| ചെലവ് | 211330(60/29-3-21) | 507871(36/29-5-20) |
| കരാറുകാരൻ | തമ്പി തോമസ് | അൽഫോൻസ്ജോർജ് |



പുല്ലാട്ടുകുന്ന് കുടിവെള്ളപദ്ധതിയ്ക്കായി സ്രോതസ് സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് മുൻപ് തന്നെ വിതരണലൈനുകൾ സ്ഥാപിക്കുകയാണ് ഉണ്ടായത്. നിലവിൽ ബോർവെൽ നിർമ്മിച്ചിട്ടുണ്ട്. പമ്പിങ്ങ് മെയിൻ സ്ഥാപിച്ചത് കിണറുമായി

സംയോജിപ്പിച്ചിട്ടില്ല. മോട്ടോർ, പമ്പ്ഹൗസ് എന്നിവ സ്ഥാപിച്ചിട്ടില്ല. മോട്ടർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 719201/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

**1-31 വിവിധപ ഞ്ചായത്തുകൾക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 68,63,311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

2020-21 സാമ്പത്തിക വർഷം വികസനഫണ്ട് വിനിയോഗിച്ച് നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെപേര് | തുക/ ബിൽ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | S0128/21 | പാല്യമടക്കൽ പാലം-മടപ്പള്ളി ക്കുന്നേൽ ഭാഗം റോഡ് കോൺക്രീറ്റിംഗ്(എലിക്കുളം ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 274120 67/22.06.20 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 2 | S0126/21 | ചെങ്ങളം ഡിവിഷനിൽ വട്ടത്താനം വാർഡിൽ-പാമ്പൊലി-ഏഴാം മൈൽ റോഡിന്റെ സൈഡ് വീതി കൂട്ടികോൺക്രീറ്റിംഗ്,(എലിക്കുളം ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 227045 232/31.3.20 | ” |
| 3 | S034/21 | മുഴയനാൽ എസ്.സി.കോളനി ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 344621 (എസ്സിപി) 237/31.3.21 | ” |
| 4 | S0159/21 | കിടങ്ങൂർ പഞ്ചായത്ത് വാർഡ് എട്ട് ചെമ്പിളാവ് പാടശേഖര ജലസേചന പദ്ധതി(കിടങ്ങൂർ പഞ്ചാ യത്തിന് തുക കൈമാറൽ) | 170300 230/31.3.21 | ” |
| 5 | S0129/21 | കുരോപ്പട ഗ്രാമപഞ്ചായത്തിൽ മുണ്ടനക്കുളം-ആലപ്പാട്ടുപടി റോ ഡ് കോൺക്രീറ്റിംഗ്(കുരോപ്പട ഗ്രാ മപഞ്ചായത്തിനു തുക കൈമാറൽ) | 200000 73/22.6.20 | ” |
| 6 | S0124/21 | കിടങ്ങൂർ പഞ്ചായത്ത് വാർഡ് 11 കുരീക്കാട്ടിൽ പടവ്വാലിൽ റോഡ് കോൺക്രീറ്റിംഗ്(കിടങ്ങൂർ ഗ്രാമ പഞ്ചായത്തിനു തുക കൈമാറൽ) | 199343 71/22.6.20 | ” |
| 7 | S0127/21 | ഞണ്ടുപാറ കോളനി നടപ്പാത പൂർത്തീകരണം (അകലക്കുന്ന് ഗ്രാമ പഞ്ചായത്തിനു തുക കൈമാറൽ) | 100000 69/22.6.20 | ” |
| 8 | S0123/21 | കിടങ്ങൂർ ഗ്രാമപഞ്ചായത്ത്-നെ ൽകൃഷി കൂലിച്ചിലവ് സബ്സിഡി (കിടങ്ങൂർ ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 400000 63/22.6.20 | ” |
| 9 | S0189/21 | മുണ്ടാകുന്ന് പി.എച്ച്.സി കോംപൗ | 150000 | ” |

| | | | | |
|---|---|---|---|---|
| | | ണ്ടിൽ ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് നിർമ്മാണം (അകലക്കുന്ന് ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 236/31.3.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| 10 | SO171/21 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ് മെന്റ് സെന്റർ അകലക്കുന്നം ഗ്രാമ പഞ്ചായത്തിനു തുക കൈമാറൽ) | 300000 156/5.2.21 | " |
| 11 | SO133/21 | ജന്റർ പ്രവർത്തനങ്ങൾക്ക് (കിടങ്ങൂർ ഗ്രാമപഞ്ചായത്തിനു വിഹിതം കൈമാറൽ) | 72777 72/22.6.20 | " |
| 12 | SO161/21 | പാമ്പാടി ഗ്രാമപഞ്ചായത്ത്,ഗ്രമാറ്റം അംഗനവാടി നിർമ്മാണം (പാമ്പാടി ഗ്രാമപഞ്ചായത്തിനു വിഹിതം കൈമാറൽ) | 500000 238/31.3.21 | " |
| 13 | SO167/21 | കിടങ്ങൂർ പഞ്ചായത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (കിടങ്ങൂർ ഗ്രാമപ ഞ്ചായത്തിനു തുക കൈമാറൽ) | 248906 234,235/ 31.3.21 | " |
| 14 | SO166/21 | അകലക്കുന്നം ഡിവിഷനിലെ മൂഴൂർ, ഇടമുള,തച്ചിലങ്ങാട്,മറ്റക്കര,കരിമ്പാനി, കണിപ്പറമ്പ്,പൂവത്തിളപ്പ് എന്നിവിടങ്ങളി ലേക്ക് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപി ക്കൽ (അകലക്കുന്നം ഗ്രാമപഞ്ചായ ത്തിനു തുക കൈമാറൽ) | 553000 157/5.2.21 | " |
| 15 | SO162/21 | മണർകാട് പഞ്ചായത്ത് വാർഡ്-6 പ്ലാത്തോട്ടം പാടി പല്ലാട്ടുപടി റോഡ് കോൺക്രീറ്റിംഗ് (മണർകാട് ഗ്രാമ പഞ്ചായത്തിന് തുക കൈമാറി) | 100000 233/31.3.21 | " |
| 16 | SO137/21 | ജൈവമാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 210000 153/5.2.21 | " |
| 17 | SO136/21 | പാലിയേറ്റീവ് കെയർ മീനടം ഗ്രാമപ ഞ്ചായത്തിനു വിഹിതം നൽകൽ | 250000 64/22.6.20 | " |
| 18 | SO125/21 | അകലക്കുന്നം ഗ്രാമപഞ്ചാത്ത് കരി മ്പാനി-പുള്ളോലി റോഡ് പൂർത്തീകരണം കോൺക്രീറ്റിംഗ് (അകലക്കുന്നം ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 250000 70/22.6.20 | " |
| 19 | SO130/21 | അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ പൂവത്തിളപ്പ് വാട്ടർ ടാങ്കിൽ നി ന്നുംവിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ(അകലക്കുന്നം ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 300000 57/2.6.20 | " |

| | | | | |
|---|---|---|---|---|
| 20 | SO114/21 | മണർകാട് പഞ്ചായത്ത് വാർഡ്-5 പാതേപടി-വടക്കൻ മണ്ണൂർപടി റോഡ് കോൺക്രീറ്റിംഗ് (മണർകാട് ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 100000 231/31.3.21 | ” |
| 21 | SO115/21 | മണർകാട് പഞ്ചായത്ത് വാർഡ്-4 തെക്കേൽപടി-കളത്ത് പുറത്ത് പടി റോഡ് -ലോക്ക് കട്ട പാകൽ(മണർകാട് ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 200000 154/5.2.21 | ” |
| 22 | SO132/21 | പുല്ലാനിത്തകിടി കുടിവെള്ള പദ്ധതി (പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 250000 65/22.620 | ” |
| 23 | SO190/21 | മണർകാട് പഞ്ചായത്ത് അക്ഷര അംഗൻവാടി വാർഡ്-8 പൂർത്തീ കരണം (മണർകാട് ഗ്രാമപഞ്ചായ ത്തിനു തുക കൈമാറൽ) | 170260 241/31.3.21 | ” |
| 24 | SO134/21 | എലിക്കുളം പഞ്ചായത്ത് മനോലി-ചീരൻകുളം റോഡ് കോൺക്രീ റ്റിംഗ്(എലിക്കുളം ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 499577 68/22.6.20 | ” |
| 25 | SO135/21 | പാമ്പാടി ഗ്രാമപഞ്ചായത്തിലെ പാമ്പാടി ഡിവിഷൻ വരുന്ന വാർഡു കളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപി ക്കൽ (പാമ്പാടി ഗ്രാമപഞ്ചായത്തിനു തുക കൈമാറൽ) | 500000 240/31.3.21 | ” |
| 26 | 131/21 | വെള്ളാപ്പള്ളി കുടിവെള്ള പദ്ധതി (പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്) | 250562 66/22.6.20 | ” |
| 27 | 154/21 | സുഭിക്ഷകേരളം-ഗ്രാമപഞ്ചായത്തുകൾക്ക് തരിശ് കൃഷിക്ക് തുകകൈമാറുന്നു. | 42800 228/31.3.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ” |
| ആകെ | | | 6863311 | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള68,63,311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 സെക്രട്ടറി നടപ്പാക്കിയ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗസാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെടുത്തുന്നു**

2020-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ നിർവ്വഹണ ഏജൻസികൾക്കു ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| | പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | തുക കൈമാറിയ | തുക | ബിൽ നം /തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | സ്ഥാപനം | | |
| 1 | 175/21 | കാവുംപടി മൈൽപ്പള്ളിപ്പടി തല മടയ്ക്കൽപ്പടി പാണ്ഡവർ കളരി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 500000 | 33/21.10.20 |
| 2 | 66/21 | മണർകാട് പഞ്ചായത്ത് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 200000 | 66/20.2.21 |
| 3 | 20/21 | അകലക്കുന്നം പഞ്ചായത്തിലെ പൂവത്തിളപ്പ് കരിമ്പാനി കേരള വാട്ടർ അതോറിറ്റി ടാങ്കിൽ നിന്നും വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 850000 | 34/21.10.20 |
| 4 | 107/21 | അകലക്കുന്നം പഞ്ചായത്തിലെ ഇടമുള കരിമ്പാനി വാട്ടർ ടാങ്കുകളിൽ നിന്നും കരിമ്പാനി ഭാഗത്തേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 1561000 | 3/15.4.20 |
| 5 | 106/21 | മണർകാട് ഗ്രാ.പ.1,13 വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 210000 | 4/15.4.20 |
| 6 | 21/21 | ചെങ്ങളം ഡിവിഷനിൽ എലിക്കുളം പഞ്ചായത്തിൽ പഴയപറമ്പിൽ ഭാഗം വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും മാറ്റി സ്ഥാപിക്കലും | കെ.എസ്.ഇ.ബി | 36988 | 37/6.11.20 |
| 7 | 22/21 | ഏറത്തുപടി 3 ഫേസ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരണം | കെ.എസ്.ഇ.ബി | 229967 | 22/5.11.20 |
| 8 | 99/21 | മീനടം ഗ്രാ.പ.6ാം വാർഡ് പന്നിക്കോട് പടി കൊരട്ടി റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | 86200 | 6/15.4.20 |
| 9 | 24/21 | എലിക്കുളം ഗ്രാ.പ വിവിധ വാർഡുകളിൽ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 300000 | 50/28.2.21 |

| | | | | | |
|---|---|---|---|---|---|
| | | കുഴൽ കിണർ നിർമ്മാണം | | | |
| 10 | 109/21 | തോട്ടപ്പള്ളി വനിതാ തൊഴിൽ പരിശീലന കേന്ദ്രം കുഴൽ കിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 250000 | 2/15.4.20 |
| 11 | 108/21 | കുരോപ്പട പഞ്ചായത്തിൽ വട്ടപ്പാറ ഭാഗത്ത് കുഴൽകിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് , കോട്ടയം | 65000 | 1/15.4.20 |
| | | ആകെ | | 42,89,155 | |

മേൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/23.02.2022) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി മറുപടി നല്കി. പൂർത്തീകരണവിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 4289155/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണ്. കൂടാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെയുള്ള നിർവ്വഹണ ഏജൻസികൾ പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഉറപ്പു വരുത്തേണ്ടതാണ്.

**1-33 കോവിഡ് 19 അവലോകനം**

കോവിഡ് 19 നോടനുബന്ധിച്ച് കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ 16.11.20 മുതൽ പാമ്പാടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് ഭക്ഷണം ക്വട്ടേഷൻ ക്ഷണിച്ച് ഏർപ്പെടുത്തിയിരുന്നു. ഒരാൾക്ക് പ്രതിദിനം 120/- രൂപ നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ച് ഭക്ഷണം നൽകുകയാണ് ചെയ്തത്. കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് 541925 രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം**

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 16/02/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ

വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

**4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം**

2020-21 വർഷം കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 2020-21 | 374,500/- | കരിക്കാട്ടുമൂല പാടശേഖരം മോട്ടാർ വാങ്ങൽ(180/21) | 0- | 374,500/- |
| **ആകെ** | | 374,500/- | **ജില്ല പഞ്ചായത്ത് വിഹിതം** | **0** | 374,500/- |

ജില്ലാ-ഗ്രാമ പഞ്ചായത്ത് ഫണ്ടുകളുടെ വിനിമയം എ.സി.ആർ. സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. വിവിധ തദ്ദേശ സ്ഥാപന ഗ്രാന്റിന്റെ വിനിയോഗത്തിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

**4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വാട്ടർ വകുപ്പിലും(GWD) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | അകലക്കുന്നം പഞ്ചായത്തിലെ പൂവത്തിളപ്പ് കേരള വാട്ടർ അതോറിറ്റി ടാങ്കിൽ നിന്നും വിതരണ ലൈൻ സ്ഥാപിക്കൽ(20/21) | 850,000/- | 0 | 850,000/- |
| | മണർകാട് പഞ്ചായത്തിലെ വാർഡ് 12,13,16 പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ | 200,000/- | 0 | 200,000/- |

| | | | | | |
|---|---|---|---|---|---|
| | | അതോറിറ്റിക്ക് തുക കൈമാറൽ(66/21) | | | |
| | | മണർകാട് പഞ്ചായത്ത് വാർഡ് 1,13 പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ(106/21) | 210,000/- | 0 | 210,000/- |
| | | അകലക്കുന്നം പഞ്ചായത്തിലെ ഇടമുള കരിമ്പാനി വാട്ടർ ടാങ്കുകളിൽ നിന്നും കരിമ്പാനി ഭാഗത്തേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുനതിന് KWA തുക നൽകൽ(107/21) | 1,561,000/- | 0 | 1,561,000/- |
| | | കാവുംപടി മൈൽപ്പള്ളിപ്പടി കിഴക്കേടത്തുപടി തലമടക്കൽ പടി പാണ്ഡവർ കളരി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്നു(175/21) | 500,000/- | 0 | 500,000/- |
| | **ആകെ വാട്ടർ അതോറിറ്റിയിൽ നൽകിയത്** | | **3,321,000/-** | **0** | **3,321,000/-** |
| | KSEB | ചെങ്ങളം ഡിവിഷനിൽ എലിക്കുളം പഞ്ചായത്തിൽ പഴയപറമ്പിൽ ഭാഗം വൈദ്യുതലൈൻ ദീർഘിപ്പിക്കലും മാറ്റി സ്ഥാപിക്കലും പൂർത്തീകരണം(21/21) | 36,988/- | 0 | 36,988/- |
| | | ഏറത്തുപടി ത്രീഫേസ് ലൈൻ സ്ഥാപിക്കൽ | 229,967/- | 0 | 229,967/- |

| | | | | |
|---|---|---|---|---|
| | പൂർത്തീകരണം (22/21) | | | |
| | മീനടം പഞ്ചായത്ത് 6-ാം വാർഡ് പന്നിക്കോട് പടി കൊരട്ടി റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (99/21) | 86,200/- | 0 | 86,200/- |
| **ആകെ കെ.എസ്.ഇ.ബി.-യിൽ നൽകിയത്** | | **353,155/-** | **0** | **353,155/-** |
| GWD | എലിക്കുളം ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം(24/21) | 300,000/- | 0 | 300,000/- |
| | കൂരോപ്പട പഞ്ചായത്തിൽ വട്ടപ്പാറ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം(108/21) | 65,000/- | 0 | 65,000/- |
| | തോട്ടപ്പള്ളി വനിത തൊഴിൽ പരിശീലന കേന്ദ്രം കുഴൽ കിണർ നിർമ്മാണം മോട്ടോർ പ്ലമ്പിങ്ങ് (109/21) | 250,000/- | 0 | 250,000/- |
| **ആകെ GWD-യിൽ നിക്ഷേപിച്ചത്** | | **615,000/-** | **0** | **615,000/-** |

നിക്ഷേപ പ്രവൃത്തികളുടെ ഡെപോസിറ്റ് രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 33.21 ലക്ഷം രൂപയിൽ 19.71 ലക്ഷം രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രോജക്ട് നം.20/21, 175/21 എന്നിവ പ്രകാരം നിക്ഷേപിച്ച 13.5 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. GWD-യിൽ നിക്ഷേപിച്ച 6.15 ലക്ഷം രൂപയിൽ 3.15 ലക്ഷം രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രോജക്ട് നം.24/21 പ്രകാരം നിക്ഷേപിച്ച 3 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആക്കൗണ്ടിങ്ങ് അപാകതകൾ പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ 31/03/2021 വരെ പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേക്കേണ്ടതാണ്.

## <u>4-4 മൊബിലൈസേഷൻ അഡ്വാൻസ്</u>

ബ്ലോക്ക് പഞ്ചാത്ത് ഫണ്ടിൽ നിന്നും 2020-21 വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## <u>4-5 വായ്പ/വായ്പ തിരിച്ചടവ്</u>

2020-21 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2020-21 വർഷത്തെ ധനകാര്യ പത്രിക 31/03/2021 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17,18,19,20, 28,29,34 | 2003-04 | | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ (ആകെ ചെലവ്-1,08,709 രൂപ) | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2018-19 | 3-1 | 2019-20 | | വായ്പ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചു-പലിശയിനത്തിൽ വൻതുക ബാദ്ധ്യത | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | : | 65,099,889/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59,064,316/- |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12,953,557/- |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 160,872/- | ലിബി സി. മാത്യൂസ്, സെക്രട്ടറി |
| 1-23 | 200,000/- | റീന ജോൺ, അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| 1-29 | 327,000/- | ജിനു വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30(1) | 394,018/- | ജിനു വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30(2) | 507,871/- | റെജിമോൾ പി. പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30(2) | 211,330/- | ജിനു വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 6,863,311/- | ലിബി സി. മാത്യൂസ്, സെക്രട്ടറി |
| 1-32 | 4,289,155/- | ലിബി സി. മാത്യൂസ്, സെക്രട്ടറി |
| ആകെ | **12,953,557/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 1-12, 1-14

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

**<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 28/02/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01&2001-02 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(1)/2018/08.05.2018 | 21 |
| | | |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(2)/2018/08.05.2018 | 6 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(3)/2018/08.05.2018 | 10 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(4)/2018/08.05.2018 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(5)/2018/08.05.2018 | 9 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(6)/2018/08.05.2018 | 6 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(7)/2018/08.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(8)/2018/08.05.2018 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(9)/2018/08.05.2018 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(10)/2018/08.05.2018 | 10 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(11)/2018/08.05.2018 | 13 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(12)/2018/10.05.2018 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(13)/2018/10.05.2018 | 7 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(14)/2018/10.05.2018 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/815(15)/2018/11.05.2018 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി15/994/2020/11.11.2020 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി15/727/2020/27.10.2020 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി15/1229/2019/11.03.2020/03.05.2020 | 30 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്